**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിലെ സ്ഥലംമാറ്റ നിയമനങ്ങൾ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5753 28/03/2018-ൽ മറുപടിക്ക്**

**ചോദ്യം**
**ശ്രീ.വി.ടി.ബൽറാം**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ (ലോക്കൽ പോലീസിലെ) ഡി.വൈ.എസ്.പി.മാരുടെയും എസ്.പി.മാരുടെയും സ്ഥലംമാറ്റ നിയമനങ്ങളുടെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; ആയത് സൂചിപ്പിക്കുന്ന രേഖകൾ ലഭ്യമാക്കാമോ; | (എ) | KS&SSR Rule 32 -ന്റെ അടിസ്ഥാനത്തിലും, നിലവിലുള്ള ഇക്കാര്യത്തിലെ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും, ഭരണസൗകര്യാർത്ഥവുമാണ് ഇക്കാര്യത്തിൽ നടപടികൾ അനുവർത്തിക്കുന്നത്. |
| (ബി) | ലോക്കലിലോ മുഖ്യധാരയിലോ നിയമിക്കരുതെന്ന് ഇന്റലിജൻസ് റിപ്പോർട്ടുകളിൽ ശിപാർശ ചെയ്യപ്പെട്ടിട്ടുള്ള മേൽ റാങ്കുകളിൽപ്പെട്ട എത്ര ഉദ്യോഗസ്ഥർ ജില്ലയുടെയും സബ്ബ് ഡിവിഷന്റെയും ചുമതല വഹിക്കുന്നുണ്ട്; അവർ ആരെല്ലാമാണെന്ന പട്ടിക ലഭ്യമാക്കാമോ; | (ബി) | ഇന്റലിജൻസ് റിപ്പോർട്ടുകളിൽ ഇത്തരത്തിൽ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ ജില്ലയുടേയും സബ്ബ് ഡിവിഷന്റേയും ചുമതല വഹിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോ; ലോക്കൽ പോലീസിലേക്കുള്ള നിയമനങ്ങളിലും വിജിലൻസിലേക്കുള്ള നിയമനങ്ങളിലും ഈ പട്ടികയിൽപ്പെട്ട ഉദ്യോഗസ്ഥരെ നിയമിക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | അഴിമതികേസ്സുകളിലും മറ്റും പെടുന്ന ഉദ്യോഗസ്ഥരെ വിജിലൻസിലേക്കും, മറ്റ് പ്രമാദമായ പോസ്റ്റുകളിലേക്കുമുള്ള നിയമനങ്ങളിൽ നിന്നും കഴിവതും ഒഴിവാക്കാറുണ്ട്. അഴിമതി രഹിത പോലീസിംഗ് എന്ന നയസമീപനം പ്രായോഗികമാക്കുന്നതിനാണ് ഇത്തരത്തിൽ നടപടിക്രമം അനുവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ